**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **8022** — 16.07.2014 ൽ മറുപടിക്ക്

## ഉപയോഗശൂന്യമായ കമ്പ്യൂട്ടർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.തിലോത്തമൻ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ വൽക്കരണം ആരംഭിച്ചിട്ട് എത്ര വർഷമായി എന്നു പറയാമോ ; | (എ) | 1990 കളിലാണ് കേരളത്തിലെ സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചത്. |
| (ബി) | ഈ കാലഘട്ടത്തിനുള്ളിൽ വിവധ വകുപ്പുകൾക്ക് കീഴിലുള്ള ഓഫീസുകളിലെ കാലഹരണപ്പെട്ടതും കേടായവയുമായ കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും എന്തു ചെയ്തു എന്നു പറയാമോ ; | (ബി) | കേടായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ബൈബാക്ക്(buy back) സംവിധാനത്തിൽ മാറ്റി പുതയവ വാങ്ങി വരികയാണ് . |
| (സി) | ഒട്ടേറെ ഓഫീസുകൾ ഉപയോഗശൂന്യമായ കമ്പ്യൂട്ടർ ഭാഗങ്ങൾ കൊണ്ട് പൊറുതിമുട്ടിയ അവസ്ഥയിലാണെന്നും അവ സംസ്കരിക്കാനോ ലേലം ചെയ്യാനോ പറ്റാതെ പാരിസ്ഥിക പ്രശ്നങ്ങൾ ഉണ്ടാക്കുകയാണെന്നും ബോധ്യപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരമുണ്ടാക്കുമോ ? | (സി) | ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകളുടെ അംഗീകൃത കളക്ഷൻ സെന്റർ- ഡിസ്മാന്റ്ലർ/റീസൈക്കിൾ എന്നിവർക്ക് കൈമാറുകയോ ഉത്പാദകരുടെ ടേക്ക് ബാക്ക് (take back) സംവിധാനത്തിലേക്ക് നൽകുകയോ ചെയ്യണമെന്ന് ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് ഇ-മാലിന്യം സംസ്കരിക്കുന്നതിനായി നിലവിൽ സംവിധാനങ്ങൾ ഇല്ല. ഇ-മാലിന്യം ശേഖരിച്ച് അന്യ സംസ്ഥാനത്തുള്ള അംഗീകൃത റീസൈക്ലർ/ ഡിസ്മാന്റ്ലർക്ക് നൽകുന്നതിന് ഇ-മാലിന്യ ശേഖരണ സെന്ററുകൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. വേണാട് സ്റ്റീൽ കോർപ്പറേഷൻ (വെള്ളായണി, നേമം, തിരുവനന്തപുരം), എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് (കഞ്ചിക്കോട്, പാലക്കാട്), അൽ അമീൻ ഇൻഡസ്ട്രീസ് (ആലുവ, എറണാകുളം), കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (അമ്പലമേട്, കൊച്ചി) എന്നീ നാല് സ്ഥാപനങ്ങൾക്കാണ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി ഉള്ളത്. ഇ-മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, ലഘു ലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുക, പത്ര മാധ്യമങ്ങൾ വഴി പരസ്യം നൽകുക, എന്നിവയും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ